**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5920** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാനുള്ള മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേനൽച്ചൂട് രൂക്ഷമാകുന്ന സാഹചര്യത്തിൽ വൈദ്യുതി ഉപഭോഗം കൂടുമെന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | 2025 വർഷത്തെ വേനൽക്കാലത്ത് സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ട് വൈദ്യുതി ആവശ്യകതയും വിപണിയിലെ ലഭ്യതയും വിലയിരുത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ 2024 ജൂൺ മുതൽ തന്നെ കെ.എസ്.ഇ.ബി.എൽ. വിവിധ ഹ്രസ്വകാല/ബാങ്കിംഗ് കരാറുകളിൽ ഏർപ്പെടാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നു.<br><br>ഇതിന്റെ ഭാഗമായി 2025 മാർച്ച് മാസത്തേയ്ക്ക് 300 മെഗാവാട്ടും ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി വാങ്ങുവാനുള്ള ഹ്രസ്വകാല കരാറിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേയ്ക്ക് ഏപ്രിലിലും മേയിലും 355 മെഗാവാട്ട് വീതമുള്ള ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മുന്നിൽ കണ്ട് സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC - യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭിച്ചുവരുന്നു. 2025 ജൂൺ വരെ ഈ വൈദ്യുതി ലഭ്യമാകും. ഇതിനു പുറമെ NTPC നിലയങ്ങളിൽ നിന്നും 400-450 MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട് .<br><br>ഇതിനു പുറമെ കെ.എസ്.ഇ.ബി.എൽ. വിവിധ ബാങ്കിംഗ്/ കൈമാറ്റ കരാറുകളിലും ഏർപ്പെടുക യുണ്ടായി. ഇത് പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ |

കെ.എസ്.ഇ.ബി.എൽ. നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള 2025 ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേയ്ക്കായി മറ്റു ബാങ്കിംഗ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. **വിശദാംശങ്ങൾ ഇപ്രകാരമാണ്.**

**പഞ്ചാബ് PSPCL – 308 MW – 1.4.25 to 30.4.25**

**പഞ്ചാബ് PSPCL – 145 MW – 1.4.25 to 15.4.25**

**മണിഹരൺ - 160 MW – 16.3.25 to 31.5.25**

**ഉത്തർപ്രദേശ് - UPPCL - 400MW - 1.3.25 to 31.3.25**

**അരുണാചൽപ്രദേശ് - APPCL – 250 MW – 1.3.25 to 31.3.25**

**APPCL –52.5 MW – 1.4.25 to 30.4.25**

**UP – 200-500 MW – 1.3.25 to 31.3.25**

**PSPCL – 100-200 MW – 1.3.25 to 15.4.25**

എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്നതിനാൽ ഏപ്രിൽ-മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്.

വേനൽച്ചൂട് രൂക്ഷമാകുന്ന സാഹചര്യത്തിൽ, വൈദ്യുതി ഉപഭോഗം കൂടുമെന്ന പ്രതിസന്ധി ഒഴിവാക്കാൻ, വിതരണ മേഖലയിൽ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ഉടങ്ങിയവയിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതാതു പ്രദേശത്തെ നിലവിലെ സാഹചര്യം മുൻനിർത്തി കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിലെ പ്രവൃത്തികളിൽ മാറ്റം വരുത്തുന്നതിനും വരും വർഷങ്ങളിലെ പ്രവൃത്തികൾ 2024-25-ൽ തന്നെ ചെയ്യുന്നതിനും ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ലോഡ് വർദ്ധനവ് അഭിമുഖീകരിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ, ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിംഗ് ഉൾപ്പെടെ 705 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ട ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 635 കോടി രൂപയുടെ പ്രവൃത്തികൾ 2024-2025-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.<br><br>ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനായി 1900 ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കുന്നതിനും ദ്യുതി 2 ഉൾപ്പെടെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RDSS പദ്ധതിയിൽ, 1802 ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഉഷ്ണ തരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കാസർഗോഡ്, മലപ്പുറം, ഇടുക്കി ജില്ലകളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 2026-27 വരെ നടപ്പിലാക്കാനായി 1023.04 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയും അവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു എന്ന് കെ. എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ